**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4198** **20.03.2018-ൽ മറുപടിയ്ക്ക്**

**<u>മുനിസ്സിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റന്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം</u>**

**ചോദ്യം**
**ശ്രീ. കെ.എൻ.എ. ഖാദർ**

**ഉത്തരം**
**ഡോ. കെ.റ്റി. ജലീൽ**
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുനിസ്സിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റന്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് ബാധകമായ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ നൽകാമോ; | (എ) | ഉണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം തസ്തികമാറ്റം അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റും അതിന്റെ നിയമന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുനിസിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റന്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവുകളൊന്നും നൽകിയിട്ടില്ല. |

**സെക്ഷൻ ആഫീസർ**

4198 അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ്—സമാന തസ്തികകളിലേക്കുള്ള തസ്തികമാറ്റം—പ്രൊബേഷൻ പൂർത്തിയാക്കുന്നത് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ. ഉ. (കൈ) നമ്പർ 1/2018/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2018 ജനുവരി 27.*

പരാമർശം:—(1) 8-3-1966-ലെ സ. ഉ. (പി) 82/66/പി.ഡി. നമ്പർ ഉത്തരവ്.

(2) ലാസ്റ്റ് ഗ്രേഡ് റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ, തിരുവനന്തപുരം സമർപ്പിച്ച 29-5-2017-ലെ നിവേദനം.

(3) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 5-12-2017-ലെ AV(1) 9592/14/GW നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ ചട്ടം 2-ന് താഴെയുള്ള പ്രൊവിസോ പ്രകാരം പൊതുവായ റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കപ്പെടുന്ന സമാന തസ്തികയിലുള്ള ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം തസ്തികമാറ്റത്തിലൂടെ നിയമനം ലഭിക്കുന്ന തസ്തികയിൽ ജൂനിയറാവും എന്ന വ്യവസ്ഥക്ക് വിധേയമായി സമാന തസ്തികകളിൽ തസ്തികമാറ്റം അനുവദിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം

5(b)-യ്ക്ക് താഴെയുള്ള കുറിപ്പ് പ്രകാരം വനിതാ ഉദ്യോഗാർത്ഥികളെ നൈറ്റ് വാച്ച്മാൻ തസ്തികയിലെ നിയമനത്തിന് പരിഗണിക്കാനാവില്ല. ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തിക്കൊണ്ട് പല വകുപ്പുകളിലും നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിയമനം ലഭിക്കുന്ന പുരുഷ ഉദ്യോഗാർത്ഥികളെ വകുപ്പിൽ ഒഴിവുവരുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം നൽകി നിയമിക്കുകയും, തത്ഫലമായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ ലഭ്യമാകാതെ വരുന്നതായും, ഒഴിവുകളെല്ലാം നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിന്നുമാത്രം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുള്ളതായും, ആയത് വനിതാ ഉദ്യോഗാർത്ഥികളുടെ നിയമനത്തെ വിപരീതമായി ബാധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, ഒരു വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് സമാന തസ്തികകളിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് ജോലിയിൽ പ്രവേശിച്ച തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതിനുശേഷം മാത്രമേ അർഹതയുണ്ടായിരിക്കൂ എന്ന് ഉത്തരവാകുന്നു.

3. ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല. കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web and New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

